# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 11 | 2021 |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### ഗിരിദേവതകളെ വണങ്ങി പടിപൂജ ചെയ്ത് മോക്ഷ നിറവിലേക്ക്

ഗിരിദേവതകളെ വണങ്ങുകയെന്ന സങ്കല്പ്പത്തോടെ ശബരിമല സന്നിധാനത്ത് നടത്തുന്ന ഏറ്റവും പ്രാധാന്യമേറിയ വഴിപാടാണ് പടി പൂജ. ആദ്യ കാലത്ത് ദേവതാ പൂജ എന്നറിയപ്പെട്ടിരുന്ന ചടങ്ങാണ് പിന്നീട് പടി പൂജയെന്ന പേരില് പ്രസിദ്ധമായത്. സന്നിധാനത്തെ ഏറ്റവും ചിലവേറിയ വഴിപാടാണ് പടിപൂജ. അയ്യപ്പന്റെ കാവല്ക്കാരായി നിലകൊള്ളുന്ന പൂങ്കാവനത്തിലെ പതിനെട്ടു മലകളുടെ ദേവതകളെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയാണ് പടിപൂജ നടത്തുന്നത്. പതിനെട്ടു പടികളും പുഷ്പങ്ങള് കൊണ്ട് അലങ്കരിച്ച് വിളക്കുകള് കത്തിച്ചാണ് പൂജ നടത്തുന്നത്. പതിനെട്ട് മലകളിലേയും ദേവതകളെ ആവാഹിച്ചതാണ് സന്നിധാനത്തേക്കുള്ള പതിനെട്ട് പടികള് എന്നുള്ളതാണ് പടിപൂജയുടെ സങ്കല്പ്പം.

മുന്കാലങ്ങളില് 12 വര്ഷത്തിലൊരിക്കലും പിന്നീട് വര്ഷത്തില് ഒരു തവണയുമൊക്കെയായിരുന്നു പടിപൂജ നടത്തിയിരുന്നത്. എന്നാല്, ഇന്ന് വഴിപാടുകാരുടെ എണ്ണം കൂടിയതോടെ ഓഫ് സീസണില് പടിപൂജ നടത്തുക പതിവാണ്. മണിക്കൂറുകളോളം പതിനെട്ടാം പടിയിലൂടെയുള്ള സന്നിധാന

ദര്ശനം തടസപ്പെടും എന്നതിനാലാണ് ഉത്സവകാലങ്ങളില് പടിപൂജ ഒഴിവാക്കിയത്. കോവിഡ് നിയന്ത്രണങ്ങള് മൂലം തീര്ഥാടകരുടെ എണ്ണം നിയന്ത്രിച്ചതിനാലാണ് മണ്ഡല-മകരവിളക്ക് കാലത്തോട് അനുബന്ധിച്ച് കഴിഞ്ഞ അഞ്ചു ദിവസങ്ങളിലായി പടി പൂജ നടത്തിയത്. ശബരിമല തന്ത്രി കണ്ഠരര് രാജീവര് മേല്ശാന്തി വി.കെ. ജയരാജ് പോറ്റി എന്നിവരുടെ കാര്മ്മികത്വത്തിലാണ് പടിപൂജ നടന്നത്.

മകരവിളക്കിന് ശേഷം ജനുവരി 15 മുതല് 19 വരെയുള്ള ദിവസങ്ങളിലും പടിപൂജ നടക്കും. 2037 വരെയുള്ള പടിപൂജകള് ബുക്ക് ചെയ്യപ്പെട്ടു കഴിഞ്ഞു. 75000 രൂപയാണ് നിലവില് പടിപൂജയ്ക്കുള്ള നിരക്ക്.

**(പി.ആര്. ശബരി - (182)**




# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 11 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

**ശബരിമലയിലെ നാളത്തെ ചടങ്ങുകള് (12.01.2021)**

പുലര്ച്ചെ 4 മണിക്ക് പള്ളി ഉണര്ത്തല്
5 ന്.... നട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
6 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
7.45 ന് ...ബ്രഹ്മരക്ഷസ് പൂജ
9 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
11.45 ന് ....25 കലശാഭിഷേകം
തുടര്ന്ന് കളഭാഭിഷേകം
12.30 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും...
തുടര്ന്ന് പ്രാസാദ ശുദ്ധി ക്രിയകള്
6.30 ന് ....ദീപാരാധന
8.30ന് ....അത്താഴപൂജ

8.50 ന്  ഹരിവരാസനം സങ്കീര്‍ത്തനം പാടി 9 മണിക്ക്  ശ്രീകോവില് നട അടയ്ക്കും.

**(പി.ആര്. ശബരി - (183)**


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.